ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി നീക്കിവയ്ക്കുകയും പ്രസ്തുത തുകയിൽനിന്നും പെൻഷൻ പറ്റുന്ന ദിവസക്രമമനുസരിച്ച് മറ്റ് പെൻഷൻ ആനുകൂല്യങ്ങൾക്കൊപ്പം പ്രോവിഡന്റ് ഫണ്ട് ക്ലോഷർ തുകയും നൽകിവരികയാണ്. സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ച് പി.എഫ്. കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ ത്വരിതപെടുത്തുന്നതാണ്.

കോഴിക്കോട് ജില്ലയിലെ കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക്, പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തവർക്ക് കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി

88 [5644] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി.-യിൽ നിന്നും പെൻഷൻ പറ്റിയ കോഴിക്കോട് ജില്ലയിലെ എത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയിട്ടുണ്ട്;

(ബി) എത്ര ജീവനക്കാർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ട്;

(സി) പെൻഷൻ കുടിശ്ശികയും മറ്റാനുകൂല്യങ്ങളും പൂർണ്ണമായി നൽകുന്നതിന് എത്ര കോടി രൂപയുടെ ചെലവ് ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) എന്നത്തേക്ക് കുടിശ്ശികകൾ തീർത്ത് നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽനിന്നും പെൻഷൻ പറ്റിയ 149 പേർക്കായി 3,45,09,971 രൂപ കൊടുത്തിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ഇനിയും എഴുപതോളം പേർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ട്.

(സി) ഏകദേശം മൂന്നുകോടി രൂപ ആവശ്യമായി വരും.

(ഡി) സീനിയോറിറ്റി മുറയ്ക്ക് സമയബന്ധിതമായി നൽകിക്കൊണ്ടിരിക്കയാണ്.

ശ്രീചിത്തിരതിരുനാൾ എൻജിനീയറിംഗ് കോളേജിലെ ജീവനക്കാരുടെ നിയമനം

89 [5645] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന ശ്രീചിത്തിര തിരുനാൾ എൻജിനീയറിംഗ് കോളേജിലെ ജീവനക്കാരെ നിയമിക്കുന്നതാരാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത എൻജിനീയറിംഗ് കോളേജിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്ഥാപനത്തിലെ തസ്തികകൾ ആകെ എത്രയാണ്; കേഡർ അനുസരിച്ചുള്ള പട്ടിക മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ഓരോ തസ്തികയിലും നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) 1995-ലെ 12-ാമത് തിരു-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കെ. എസ്. ആർ. ടി. സി., ശ്രീചിത്തിരതിരുനാൾ കോളേജ് ഓഫ് എൻജിനീയറിംഗ് (തിരുവനന്തപുരം) സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഭരണസമിതിയാണ് ഈ കോളേജിന്റെ ഭരണം നടത്തുന്നത്. ഈ ഭരണസമിതിയുടെ ചെയർമാൻ ഗതാഗത വകുപ്പുമന്ത്രിയാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പുസെക്രട്ടറി, ഗതാഗത വകുപ്പു സെക്രട്ടറി, ധനകാര്യ സെക്രട്ടറി, കെ. എസ്. ആർ. ടി. സി. മാനേജിംഗ് ഡയറക്ടർ എന്നിവർ ഉൾപ്പെടെ 13 അംഗങ്ങൾ ഈ ഭരണസമിതിയിലുണ്ട്. ഈ ഭരണ സമിതിയാണ് കോളേജിലെ ജീവനക്കാരെ നിയമിക്കുന്നത്.

(ബി) സ്ഥിരം നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെട്ടിട്ടുണ്ട്.

(സി) ഈ സ്ഥാപനത്തിലെ ആകെ തസ്തികകളും, കേഡർ അനുസരിച്ചുള്ള പട്ടികയും അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.†

(ഡി) സ്ഥിരം ജീവനക്കാരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.†

അങ്കമാലി-ശബരിമല റെയിൽവേ ലൈനിന്റെ പണി ഊർജ്ജിതപ്പെടുത്തുവാൻ നടപടി

90 [5646] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, വർക്കല കഹാർ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ഡി. സുഗതൻ:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-ശബരിമല റെയിൽവേ ലൈനിന്റെ പണി ഊർജ്ജിതപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇന്നത്തെ നിലയിൽ പ്രസ്തുത ലൈനിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാവുമെന്നാണ് കരുതുന്നത്;

(സി) ഈ റെയിൽവേ ലൈനിന്റെ പണി നേരത്തെ പൂർത്തിയാക്കുവാൻ സഹായകരമായ വിധത്തിൽ സംസ്ഥാനം ഈ പദ്ധതിക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly